
# ദൈവവചനസത്യം



# THE BIBLE TRUTH

# ബൈബിൾ വിവരണം

(66 പുസ്തകങ്ങൾ)



# THE BIBLE TRUTH

Editors

**P. K. VARGHESE** **J. C. CHOATE**

ooo ooo ooo

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 18** **April 2004** **No. 1**


## എഡിറ്റോറിയൽ

കേരളം വരണ്ടുണങ്ങുന്നു എന്നതാണല്ലോ സാമൂഹ്യമായി നാം ഇന്നു നേരിടുന്ന പ്രശ്നം. പരിഹാരവും പ്രതിവിധിയും ഭൗതിക കാഴ്ച്ചപ്പാടിലൂടെ നടത്തിക്കൊണ്ടിരിക്കുന്നു. ജലം മനുഷ്യ ജീവിതത്തിനു ഒഴിച്ചുകൂടാനാവാത്ത ഒന്നാണ്. ജീവന്റെ നിലനില്പിനു നമുക്കു ജലം ധാരാളം വേണം. ശരീരത്തിന്റെ നിലനില്പിനു ജലത്തിന്റെ പ്രാധാന്യം എല്ലാവർക്കും അറിയാം. അതു തിരിച്ചറിയാത്തവർ വളരെ ചുരുക്കമാണ്. എന്നാൽ ഇന്നത്തെ ജലദൗർല്ലഭ്യത്തിനുള്ള കാരണം അപഗ്രഥിച്ചാൽ നമുക്കു ചില യാഥാർത്ഥ്യം ബോധ്യമാകും. പ്രകൃതി വിഭവങ്ങൾ ഒരുക്കിയതു ദൈവമാണ്. മനുഷ്യന്റെ ഉപയോഗത്തിനു വേണ്ടിയാണ് ദൈവം പ്രപഞ്ചത്തെ സൃഷ്ടിച്ചതു. സൃഷ്ടിച്ചു കഴിഞ്ഞപ്പോൾ ദൈവം എല്ലാം നല്ലതു എന്നു പറഞ്ഞു. ജലവും ദൈവത്താൽ ഉളവായതാണ് എന്നതു നാം വിസ്മരിക്കരുതു. മഴയും വെയിലും ഫലപൂയിഷ്ടമായ വിളവിനു ആവശ്യമായ മഞ്ഞും ദൈവം മനുഷ്യർക്കു നല്കി വരുന്നു.

എന്നാൽ ദൈവ രൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ പ്രപഞ്ചത്തിൽ ജീവിക്കുമ്പോൾ ദൈവം അരുളിച്ചെയ്ത നിബന്ധനകൾ അനുസരിക്കണം. അതിൽ വീഴ്ച്ച വരുത്തി തുടങ്ങിയപ്പോൾ പ്രശ്നങ്ങൾ ആരംഭിച്ചു. ഇന്നും എല്ലാ പ്രശ്നങ്ങളുടെയും ആരംഭ കാരണം നിയമ ലംഘ

നമാണ്. ദൈവ സൃഷ്ടിയിൽ പെട്ട പ്രപഞ്ചം അതിന്റെ നിയമ കർത്താവിനു വിധേയപ്പെട്ടാണിരിക്കുന്നതു. പക്ഷി മൃഗാദികൾ പോലും ദൈവ നിശ്ചയമനുസരിച്ചാണ് നിലകൊള്ളുന്നതു. പക്ഷെ ഈ ലോകത്തിൽ ജീവിക്കുന്ന മനുഷ്യരെ ദൈവം പ്രത്യേകതയോടെ ആണ് സൃഷ്ടിച്ചതു. അപ്പോൾ വിശേഷതയുള്ള ഈ മനുഷ്യർ എന്തുകൊണ്ടു ദൈവത്തെ അനുസരിക്കാൻ കൂട്ടാക്കുന്നില്ല ? മത്സരിച്ചു, മറുതലിച്ചു ജീവിക്കുകയാണ് മനുഷ്യർ. ദൈവത്തെ അറിയുകയോ ദൈവത്തെ ഭയപ്പെടുകയോ ചെയ്യാതെ സ്വന്തം ഇഷ്ടം അനുസരിച്ചാണ് ആളുകൾ ജീവിക്കുന്നതു: പ്രപഞ്ച നിയമങ്ങളെയും ഭൂമിയുടെ കിടപ്പിനെയും തെററായ രീതിയിൽ ഉപയോഗിക്കുകയാണ് ആളുകൾ. അതിന്റെ ഫലമായി കാലാവസ്ഥ മാറുന്നു. ഫലവൃക്ഷങ്ങൾ, വനങ്ങൾ എല്ലാം വെട്ടി നശിപ്പിക്കുകയാണ്. അവ വളർത്തുവാൻ താല്പര്യപ്പെടുന്നില്ല. തീരൊഴുക്കിന്റെ ഗതിയെ പോലും മാററി വിടുകയും ഉള്ള ജലത്തെ മലിനമാക്കുകയും ചെയ്തുകൊണ്ടിരിക്കയാണ്.

ശരിയായ ബോധവൽക്കരണം ആവശ്യമാണ്. ആത്മിക കാഴ്ച്ചപ്പാടിലൂടെ മനുഷ്യന്റെ ചിന്ത, സ്വഭാവം, പ്രവർത്തികൾ എന്നിവയുടെ ഇപ്പോഴത്തെ ശൈലി മാററണം. തിരുവെഴുത്തിൽ ദൈവം കല്പിച്ചിരിക്കുന്ന മാർഗ്ഗമാണ് ശരിയായ രീതി. നമ്മെ നിലനിർത്തുവാനും നമ്മുടെ ആവശ്യങ്ങൾ എന്തായാലും അതു നിറവേററുവാനും ദൈവത്തിനു കഴിയും എന്നോർക്കുക. ഭൂമിയും ഭൂമിയിലുള്ളതൊക്കെയും ഇവിടെ ഉള്ളവരുടെ താല്ക്കാലികമായ ഉപയോഗത്തിനുള്ളതാണ് എന്നു തിരിച്ചറിയണം. മുൻപെ ദൈവത്തിന്റെ രാജ്യവും അവന്റെ നീതിയും ബൈബിളിൽ നിന്നു കണ്ടെത്തി സ്വീകരിക്കുക. മനുഷികവും ലൗകികവുമായ അറിവു നമ്മെ പല തെററുകളിലേക്കും ആണ് നയിക്കുന്നതു.

★

# വ്യക്തിപരമായ ബന്ധപ്പെടൽ

## J. C. ചോട്ട്

ദൈവ വചനം പഠിപ്പിക്കുന്നതിനു പല രീതികൾ ഉണ്ട്. അവയിൽ, പീഠത്തിൽ നിന്നു പ്രസംഗിക്കൽ, സാഹിത്യ രൂപത്തിലുള്ള എഴുത്തുകൾ, റേഡിയോ പ്രസംഗങ്ങൾ തുടങ്ങിയവ അനേകം പേർക്കു ഒരേ സമയം ലഭ്യമാകും. ബൈബിൾ കറസ്പോണ്ടൻസ് കോഴ്സുകൾ, വിദൂര സ്ഥലങ്ങളിലുള്ളവർക്കു അയച്ചു കൊടുത്തു പഠിപ്പിക്കാം. പരസ്യങ്ങളിലൂടെ, മററു പല മാദ്ധ്യമങ്ങളിലൂടെ ഒക്കെ തിരുവചനം പഠിപ്പിക്കാൻ കഴിയും.

പ്രാരംഭമായി, ആളുകളുമായി ബന്ധം സ്ഥാപിക്കുന്നതിനു ഇവയെല്ലാം സഹായകരമാകുമെങ്കിലും അവസാനം വ്യക്തിപരമായ ഒരു ബന്ധം ഇവരുമായി സ്ഥാപിച്ചെങ്കിലേ ഇവർ രക്ഷിക്കപ്പെട്ടു കർത്താവിങ്കലേക്കു തിരിയുകയുള്ളു. വ്യക്തിപരമായി ഇവരെ സന്ദർശിക്കണം, വ്യക്തിപരമായി ഇവരെ വീട്ടിലേക്കു ക്ഷണിക്കുകയോ അവരുടെ വീട്ടിൽ പോകുകയോ ചെയ്തു ഭവന പഠന പദ്ധതി നടത്തണം. സഭായോഗം കൂടി വരുമ്പോഴും ബൈബിൾ പഠനം നടത്തുമ്പോഴും ആളുകളെ അതിലേക്കു ക്ഷണിക്കണം. നമ്മുടെ ഭവനം അതിഥി സൽക്കാരത്തിനും, സൗഹൃദത്തിനും നിസ്സഹായരെ സഹായിക്കുന്നതിനും, ആത്മീയ ദാനങ്ങൾക്കുമായി സമർപ്പിക്കണം. സത്യാന്വേഷികളെ കണ്ടെത്തണം, നാം മററുള്ളവരെ സ്നേഹിക്കേണ്ടവരാണ്. മററുള്ളവർക്കു നമ്മിൽ താല്പര്യം ജനിക്കണം. മററുള്ളവരെ പരിചയപ്പെടുവാൻ നാം സമയം ചെലവഴിക്കണം. അവരുമായി ബൈബിൾ പഠനത്തിനു അവസരം ഒരുക്കണം. നാം ഉദ്ദേശിക്കുന്ന ഫലം കിട്ടുവാൻ നാം ക്ഷമയോടെ അവരുമായി ദീർഘകാലം പ്രവർത്തിക്കണം.

ആത്മാക്കളെ കണ്ടെത്തുവാൻ ഏററവും നല്ല മാതൃക യാണ് ക്രിസ്തു. അവൻ ആളുകളിലേക്കു ഇറങ്ങിച്ചെ ന്നു. അവൻ അവരുമായി ഇടപെട്ടു. തനിക്കു അവരിൽ താല്പര്യമുണ്ടെന്നു കാണിച്ചു കൊടുത്തു. അവരുടെ പ്ര ശ്നങ്ങൾക്കു ചെവി കൊടുത്തു. അവരുടെ ആവശ്യങ്ങൾ നിറവേററുന്നതെങ്ങനെ എന്നു പറഞ്ഞുകൊടുത്തു. തൽ ഫലമായി അവന്നു ആളുകളുമായുണ്ടായ ബന്ധം വ്യക് തിപരമായ ശുശ്രൂഷയിലൂടെ വളരാൻ തുടങ്ങി.

കർത്താവു ശിഷ്യന്മാരെ പഠിപ്പിച്ചതുപോലെ നാം ന ഷ്ടപ്പെട്ടവരുടെ അടുക്കൽ പോകണം. അവൻ അവരെ പഠിപ്പിച്ചതു: നിങ്ങൾ പുറപ്പെട്ടു പിതാവിൻെറയും പു ത്രൻെറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ സ് നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെ യും പ്രമാണിപ്പാൻ തക്കവണ്ണം ശിഷ്യരാക്കി കൊൾവിൻ'' എന്നാണ് (മത്തായി 28:19_20). നാം പഠിപ്പിക്കേണ്ടതിനു ആളുകൾ നമ്മുടെ അടുക്കൽ വരുവാൻ കാത്തിരിക്കണം എ ന്നല്ല, മറിച്ച് നാം പുറപ്പെട്ടു ആളുകളുടെ അടുക്കൽ പോകണം എന്നാണ്. നാം ആളുകളെ സന്ദർശിക്കുകയും അവരെ പഠിപ്പിക്കുകയും ചെയ്യാൻ തുടങ്ങുമ്പോഴാണ് ന മുക്കു തുറന്നു കിട്ടുന്ന അവസരങ്ങളെ കുറിച്ചു നമുക്കു ആശ്ചര്യം തോന്നുന്നതു. സത്യത്തെ അറിയാതെ അതി നു വേണ്ടി ദാഹിക്കുന്നവർ ധാരാളമുള്ളതായി അപ്പോൾ അ റിയാം. മർക്കൊസ് വിവരിക്കുന്നതു: ''നിങ്ങൾ ഭൂലോ കത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സു വിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കയും സ്നാനം ഏ ല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും'' (മർക്കൊസ് 16:15-16).

ലോകത്തിലെ ആളുകളുടെ അടുക്കൽ പോകുവാൻ മാ ത്രമല്ല; അതു തുടർന്നുകൊണ്ടിരിക്കുവാൻ ആണ് പറഞ്ഞ തു. രക്ഷാ സുവാർത്ത ജനങ്ങളോടു പ്രസംഗിക്കുവാനാ ണ് കർത്താവു ശിഷ്യന്മാരോടു പറഞ്ഞതു: അപ്പോൾ കർ

ത്താവു അവരെ രക്ഷിക്കുമെന്നും വാഗ്ദാനം ചെയ്തു. പരിശുദ്ധാത്മാവിനെ അപ്പൊസ്തലന്മാർക്കു വാഗ്ദാനം ചെയ്യുകയുമുണ്ടായി. ശക്തി ലഭിച്ചശേഷം അവർ യേശുവിന്റെ സാക്ഷികളായി തീരുമെന്നും മുന്നറിയിപ്പിരുന്നു. യെരുശലേം, യെഹൂദ്യ, ശമര്യ തുടങ്ങി ലോകത്തിന്റെ അററത്തോളം അവർ അവന്റെ സാക്ഷികളായി തീരും എന്നതു ഒന്നാം നൂററാണ്ടിൽ തന്നെ നിറവേറുകയുണ്ടായി (പ്രവൃത്തി 1:8). പരിശോധിച്ചാൽ നിങ്ങൾക്കു ഒരു കാര്യം വ്യക്തമാകും; അതു, സുവിശേഷം അറിയിക്കുവാൻ കർത്താവിനു ഒരു പരിപാടിയുണ്ടായിരുന്നു. അപ്പൊസ്തലന്മാർ അവരുടെ വീട്ടിൽ നിന്നു തുടങ്ങി ലോകത്തിന്റെ അററത്തോളം അവർ ആ ദൗത്യം എത്തിച്ചു. അതേ മഹത്തായ ആജ്ഞ ഇന്നും നമുക്കുണ്ട്. അന്നു അവർ ചെയ്തു എങ്കിൽ ഇന്നു നമുക്കു ചെയ്യുവാൻ കഴിയും. നാം കർത്താവിന്റെ നിർദ്ദേശം പാലിക്കണമെന്നു മാത്രം. അതിനുള്ള മനസു നമുക്കു ഉണ്ടാകണം.

കർത്താവിന്റെ സഭയിലാണ് ദൈവം തന്റെ അപ്രമേയ ധനത്തെയും ജ്ഞാനത്തെയും വെച്ചിരിക്കുന്നതു. ആ പരിജ്ഞാനം പുറത്തുള്ളവരിൽ ഇല്ലാത്തതുകൊണ്ടു നാം ചെയ്യേണ്ട ഒന്നാണ് ഇതു. ഇന്നു ലോകത്തുള്ള ആളുകൾ നശിച്ചു പോകുന്നതു പരിജ്ഞാനമില്ലാത്തതുകൊണ്ടാണ്. സത്യ സുവിശേഷം ആളുകളിൽ എത്താതിരിക്കാൻ ഈ ലോകത്തിന്റെ പ്രഭു അവിശ്വാസികളുടെ മനസു കുരുടാക്കി വെച്ചിരിക്കയാണ്. നാം അതു മനസിലാക്കി ഇറങ്ങി പ്രവർത്തിക്കണം. നമ്മിൽ നിന്നു അവൻ പ്രതീക്ഷിക്കുന്നതു അതാണ്.

അപ്പൊസ്തലന്മാരും പ്രാരംഭ ക്രിസ്ത്യാനികളും പൊതുവിൽ ചെയ്ത കാര്യങ്ങൾ കാണണമെങ്കിൽ അപ്പൊസ്തലപ്രവർത്തികളുടെ പുസ്തകം വായിക്കണം. കർത്താവു അവരോടു കല്പിച്ചതു അവർ അങ്ങനെ തന്നെ അനുസരിച്ചു. അതിനു മാററം വരുത്തിയില്ല. കർത്താവു

പറഞ്ഞതു അവർ ചെയ്യാതെയുമിരുന്നില്ല. അപ്പൊസ്തലപ്രവർത്തികളുടെ പുസ്തകത്തിൽ പതിനൊന്നു പരിവർത്തന സംഭവങ്ങൾ നടന്നതായി വിവരിക്കുന്നുണ്ട്. അവർ പുറപ്പെട്ടു പള്ളികളിൽ, വീടുകളിൽ, വീഥികളിൽ, ചന്ത സ്ഥലത്തു ഒക്കെയും കണ്ടവരോടു സുവിശേഷം പ്രസംഗിച്ചുകൊണ്ടേയിരുന്നു. തിരുവെഴുത്തുകളെ ആധാരമാക്കി അവർ ആത്മാക്കളുടെ രക്ഷ ലക്ഷ്യമാക്കി സത്യസുവിശേഷം അറിയിച്ചുകൊണ്ടേയിരുന്നു. അതിന്റെ ഫലമായിരുന്നു പരിവർത്തനങ്ങൾ. അതായതു ആത്മാക്കൾ രക്ഷ പ്രാപിച്ചു. വ്യക്തിപരമായ ഒരു ബന്ധം പുലർത്താതെ ഈ ലക്ഷ്യം കൈവരിക്കാൻ സാദ്ധ്യമല്ല.

ക്രിസ്തുവിന്നായി ആത്മാക്കളെ നേടുന്നവനായി തീരുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ ? നിങ്ങൾക്കു അതു ചെയ്യുവാൻ കഴിയും. നിങ്ങൾ ആരംഭിക്കണമെന്നതാണ് ആവശ്യമായിട്ടുള്ളതു. എനിക്കു കഴിയുകയില്ല എന്നു പറഞ്ഞു ഒഴിവു കഴിവുകൾ പറഞ്ഞുകൊണ്ടിരുന്നാൽ ഒന്നും നടക്കുകയില്ല. ആളുകളോടു പറഞ്ഞിട്ടു താല്പര്യമില്ലെങ്കിൽ ഒരു രീതി മാററി മറെറാരു രീതി ഉപയോഗിക്കുക. നിങ്ങളുടെ കുടുംബാംഗങ്ങളെ, സ്നേഹിതരെ, ജോലിസ്ഥലങ്ങളിലെ ആളുകളെ, വിദ്യാർത്ഥികൾക്കു അവരുടെ സ്ഥാപനത്തിലെ മററു വിദ്യാർത്ഥികളെ ഒക്കെ നേടുവാൻ കഴിയും. അപരിചിതരെ പരിചയപ്പെടുവാനും അവരോടു സത്യം അറിയിക്കുവാനും നമുക്കു കഴിയണം. അവരിൽ നമുക്കു താല്പര്യമുണ്ടെന്നു ബോധ്യമാകണം. അവരെ സന്ദർശിക്കുകയും ബൈബിൾ പഠിപ്പിക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കയും ചെയ്യുക. ആരാധനയിൽ പങ്കു ചേരുവാൻ അവരെ ക്ഷണിക്കയും ചെയ്യണം. ഒരു സമീപനം ശരിയായില്ലെങ്കിൽ മറെറാന്ന്; ഇങ്ങനെ മാറി മാറി അവരെ സമീപിക്കണം. ഉപേക്ഷിക്കരുതു. കർത്താവു നിങ്ങളുടെ പ്രവൃത്തിയെ മാനിക്കുകയും അനുഗ്രഹിക്കുകയും ചെയ്യും.

★

# സത്യം പറയുവാൻ

## ഡേവിഡ് തർമാൻ

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

അപ്പോൾ അവൻ: ആ മനുഷ്യനെ ഞാൻ അറിയുന്നില്ല എന്നു പ്രാകുവാനും ആണയിടുവാനും തുടങ്ങി; ഉടനെ കോഴി കൂകി. എന്നാറെ കോഴി കൂകുമ്മുമ്പെ നീ മൂന്നു വട്ടം എന്നെ തള്ളിപ്പറയും എന്നു യേശു പറഞ്ഞ വാക്കു പത്രോസ് ഓർത്തു പുറത്തു പോയി അതി ദുഃഖത്തോടെ കരഞ്ഞു (മത്തായി 26:69-75).

ഇത്തരം വിചാരണക്കു രാത്രിയിൽ സംഘം ചേരുന്നതു അവരുടെ നിയമം അനുവദിക്കുന്നില്ല എന്നതു ദൃഢനിശ്ചയമുള്ള കാര്യമാണ്. പക്ഷെ അവർ യേശുവിനെ കുററം വിധിക്കുവാൻ അവരുടെ നിയമത്തെ ലംഘിക്കുകയായിരുന്നു. യേശുവിനെ തൂക്കി കൊല്ലുവാൻ വിധിച്ച യെഹൂദാദ്ധ്യക്ഷന്മാർ സത്യസന്ധതയോടെയല്ല അതിനു ഒരുങ്ങിയതു. കർത്താവിനെ കുററപ്പെടുത്തുവാൻ അവർ കള്ളസത്യം ക്ഷണിച്ചു വരുത്തുകയായിരുന്നു. ഈ കള്ള വിചാരണ നടന്നുകൊണ്ടിരിക്കുന്നതിൻെറ ഏതാനും അടികൾ അകലെ മാറിയാണ് പത്രോസ് ഇരുന്നിരുന്നതു. മൂന്നു പ്രാവശ്യം കള്ളം പറഞ്ഞു പത്രോസ് യേശുവിനെ തള്ളിപ്പറഞ്ഞു. സത്യസന്ധതയില്ലാത്തവർക്കു അതിനുശേഷം സംഭവിക്കുന്നതു എന്തു എന്നു ശ്രദ്ധിക്കുക.

### ശരിയെ അവഗണിച്ചുകൊണ്ടു

ഈ അദ്ധ്യക്ഷന്മാർ ഒരിക്കലും ശരിയായ കാര്യത്തെ പരിഗണിച്ചില്ല. അവർ യേശുവിനെ ക്രൂശിലേക്കു വലിച്ചിഴക്കുകയായിരുന്നു. റോമാക്കാരിൽ നിന്നു യേശു കലക്കം ഉണ്ടാക്കുമെന്നു അവർ ഭയന്നിരിക്കാം. ഒരുപക്ഷെ, കൂടുതൽ പ്രസിദ്ധനാകുന്നതിൽ അവർ ഉൽക്കണ്ഠയുള്ള

വരായിരുന്നിരിക്കാം. അല്ലെങ്കിൽ അവർ യേശുവിനെ ഇഷ്ടപ്പെട്ടിട്ടില്ലായിരിക്കാം. അവർ സത്യം അല്ലെങ്കിൽ ശരി ചെയ്യുന്നതിനു പകരം, അവർ തങ്ങൾക്കു വേണ്ടി പ്രവർത്തിക്കയായിരുന്നു. സത്യസന്ധതയില്ലാത്ത ആളുകൾ ഒരിക്കലും ശരിയായതു ചെയ്യണമെന്ന പരിഗണനയുള്ളവരല്ല, അവർ കാര്യസാദ്ധ്യത്തിനു വേണ്ടി പ്രവർത്തിച്ചു.

പത്രോസും ആ കെണിയിൽ അകപ്പെട്ടു. തന്റെ ജീവനു ഭീഷണിയാണെന്നു പെട്ടെന്നു മനസിലാക്കിയതുകൊണ്ടു രക്ഷപെടാൻ നുണ പറയാമെന്നു കരുതി. ശരിയായതു ചെയ്യാൻ അവന്നു കഴിഞ്ഞില്ല. അവന്റെ ചിന്ത തെററായ ദിശയിലേക്കു തിരിഞ്ഞു.

സത്യസന്ധത കൈവരിക്കാനുള്ള ഏക മാർഗ്ഗം ശരിയായതു പറയുക; ശരിയായതു പ്രവർത്തിക്കുക എന്നതാണ്. അങ്ങനെയായാൽ നുണ പറയുകയില്ല. മററുള്ളവരോടു ശരിയായി ഇടപെടാൻ ഇതു കൂടിയേ തീരു. യേശുവിനെപോലെ സത്യത്തിനു വേണ്ടി നിലനിന്നു. അതിനു വില കൊടുക്കുക. ആത്മാർത്ഥതയുള്ള ഒരു വ്യക്തി ആകുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ ഏതു സാഹചര്യത്തിലും ശരിയായതു മാത്രം ചെയ്യുക.

## മുറിവേററവനെ അവഗണിച്ചുകൊണ്ടു

അദ്ധ്യക്ഷന്മാരുടെ മുൻപിൽ നിന്ന മനുഷ്യൻ നിരപരാധിയായിരുന്നു. പക്ഷേ അവർക്കു അവനെ കുറിച്ചു വിചാരിക്കുവാൻ കഴിഞ്ഞില്ല. ഉപദ്രവിക്കപ്പെടുന്ന ഒരു വ്യക്തിയെ കുറിച്ചു അവർക്കു യാതൊരു ചിന്തയുമില്ല. അവർക്കു മററുള്ളവരുടെ വേദനയേക്കാൾ അവരുടെ കാര്യം മാത്രം. അവരുടെ സ്വാർത്ഥ കാഴ്ച്ചപ്പാടിനു അപ്പുറമായി അവർക്കു മറെറാന്നുമില്ല. അവർക്കു നീതിയും ന്യായവും പ്രശ്നമല്ല. യേശുവും അവർക്കു പ്രശ്നമല്ല.

(ശേഷം 23-ാം പേജിൽ)

# യേശു- നമ്മുടെ മഹാപുരോഹിതൻ

**തോമസ്. ഡി.**

"തിരിഞ്ഞപ്പോാം ഏഴു പൊൻ നിലവിളക്കുകളെയും നിലവിളക്കുകളുടെ നടുവിൽ നിലയങ്കി ധരിച്ചു മാറത്തു പൊൻകച്ച കെട്ടിയവനായി മനുഷ്യപുത്രനോടു സദൃശനായവനെയും കണ്ടു" (വെളിപ്പാട് 1:13).

നമുക്കു കൃപാസനത്തിലേക്കു അടുത്തു ചെല്ലാം. യോഹന്നാൻ കണ്ട യേശുവിനെ നമുക്കു ഒന്നു ദർശിക്കാം. നമ്മുടെ ഓർമ്മക്കായി അവൻ പൗരോഹിത്യ വസ്ത്രത്തോടുകൂടെയാണ് കണ്ടതു. അവൻ ഇപ്പോഴും തന്റെ സിംഹാസനത്തിൽ യഹോവയുടെ ആണയാൽ എന്നേക്കും പുരോഹിതനായിരിക്കുന്നു (എബ്രായർ 5:10; 7:20). അവന്റെ അടുക്കൽ ചെല്ലുവാൻ ഭയപ്പെടേണ്ടതില്ല. ശ്രദ്ധിക്കുക, തീർച്ചയായും അവൻ നിങ്ങളെ വിളിക്കുന്നു ! അവൻ നിങ്ങളോടു സംസാരിക്കുന്നു. "എന്നെ നോക്കു ! എന്നെ നോക്കു ! അവൻ സദാ നിങ്ങൾക്കായി പക്ഷവാദം ചെയ്യുന്നവനാകുന്നു (എബ്രായർ 7:25; 1 യോഹന്നാൻ 2:1). അതിനായിട്ടല്ലോ ഞാൻ ഈ പൗരോഹിത്യ വസ്ത്രം ധരിച്ചിരിക്കുന്നതു. പഴയ മഹാപുരോഹിതനെ പോലെ വസ്ത്രം ധരിച്ചു പ്രതിനിധാനം ചെയ്തുകൊണ്ടിരിക്കയാണ്. ഇപ്പോഴും ഭാവിയിലും എന്തു ആനുകൂല്യമാണ് അവൻ ചെയ്യുന്നതു ?

രക്തത്തിൽ മുക്കിയ അങ്കിയാണ് അവൻ ധരിച്ചിരിക്കുന്നതു (വെളിപ്പാട് 19:13). എന്റെ നീതിയുടെ നിത്യഫലം എന്താണ് ? ആർക്കു വേണ്ടിയാണ് ഞാൻ പക്ഷവാദം കഴിക്കുന്നതു ? പാപികൾക്കു വേണ്ടിയോ ? വിശുദ്ധ

ആദരവോടും ദൈവ ഭയത്തോടും കൂടെ അവൻെറ സന്നി ധിയിൽ കുമ്പിടാം. യോഹന്നാനോടു ചെയ്തതു അവൻ നിങ്ങളോടും ചെയ്യും. അവൻെറ വലങ്കൈ നിങ്ങളുടെ ചുമലിൽ ഇട്ടുകൊണ്ടു പറയും "ഭയപ്പെടേണ്ട (വെളിപ്പാട് 1:17). നമ്മുടെ കർത്താവു എത്ര വിലയുള്ളവനാണ് എന്നു തിരിച്ചറിയുക. അവൻ തീർച്ചയായും ഒരിക്കൽ മരിച്ചവനായിരുന്നു; എന്നാൽ ഇപ്പോൾ എന്നേക്കും ജീവിക്കുന്നു (വെളിപ്പാട് 1:17-18). അവൻ ജീവിച്ച് രക്ഷയുടെ ഫലങ്ങൾ കാണുവാൻ ആഗ്രഹിക്കുന്നു. താൻ വീണ്ടെടുത്ത ഓരോരുത്തരേയും വിശ്വസ്തരായി കാണുവാൻ അവൻ ആഗ്രഹിക്കുന്നു. അവൻെറ പൗരോഹിത്യം എന്നേക്കും ഉള്ളതു. പക്ഷവാദം ഒരിക്കലും അവസാനിക്കുന്നില്ല. നാം വിശ്വാസത്താൽ നമ്മുടെ കർത്താവിനെ നമുക്കു കാണാം. അവൻെറ കയ്യിൽ നിയമത്തിൻെറ രക്തമുണ്ട്. ഒന്നിനും കൊള്ളാത്ത, ദരിദ്രരും, വെടിപ്പില്ലാത്തവരുമായ നമ്മെ വിലെക്കു വാങ്ങി പിതാവിനു സമർപ്പിക്കുകയാണ്.

ആത്മാക്കളുടെ ഐക്യദാഹവുമായുള്ള വിശുദ്ധമായ വാക്കുകളുടെ ശബ്ദം നിങ്ങൾ കേൾക്കുന്നില്ലേ ? "ഇനി ഞാൻ ലോകത്തിൽ ഇരിക്കുന്നില്ല; ഇവരോ ലോകത്തിൽ ഇരിക്കുന്നു; ഞാൻ നിൻെറ അടുക്കൽ വരുന്നു. പരിശുദ്ധനായ പിതാവേ അവർ നമ്മെപോലെ ഒന്നാകേണ്ടതിന്നു നീ എനിക്കു തന്നിരിക്കുന്ന നിൻെറ നാമത്തിൽ അവരെ കാത്തുകൊള്ളേണമേ" (യോഹന്നാൻ 17:11). പിതാവേ, നീ ലോക സ്ഥാപനത്തിനു മുമ്പേ എന്നെ സ്നേഹിച്ചതുകൊണ്ടു എനിക്കു നല്കിയ മഹത്വം നീ എനിക്കു തന്നിട്ടുള്ളവർ കാണേണ്ടതിനു ഞാൻ ഇരിക്കുന്ന ഇടത്തു അവരും ഇരിക്കേണം എന്നു ഞാൻ ഇച്ഛിക്കുന്നു" (യോഹന്നാൻ 17:24). അപ്പൊസ്തലന്മാർ ഏകാഭിപ്രായത്തിലും ഏക മനസിലും യോജിച്ചു ദൈവിക ശുശ്രൂഷ നടത്തണ

മായിരുന്നു. അവർ ആ ദൈവീക ലക്ഷ്യം നിറവേററുകയും ചെയ്തു.

ക്രിസ്തുവിൽ വിശ്വസിക്കുവാനിരിക്കുന്നവർക്കു വേണ്ടിയും ദൈവ പുത്രൻ കരുതലോടെ അപേക്ഷിക്കുന്നുണ്ട്. ഒന്നായി കാണണമെന്നാണ് ദൈവേഷ്ടം. ഒരിടയനും ഒരു തൊഴുത്തും ഒരു കൂട്ടവും എന്ന ദൈവികമായ ആഗ്രഹം സഫലീകരിക്കപ്പെടണം. അതിനു നാം ഓരോരുത്തരും തയ്യാറാകണം. തിരുവെഴുത്തിനെ തികവുള്ളതായി കാണണം.. അനുസരിക്കേണ്ടതു ദൈവത്തിന്റെ അരുളപ്പാടുകൾ മാത്രമാണെന്നു തിരിച്ചറിയണം, ദൈവത്തോടു ബന്ധപ്പെടുവാൻ ഇന്നു മറെറാരു മാർഗ്ഗവുമില്ല. നമ്മുടെ ജീവിതം ക്രമപ്പെടുത്തുവാൻ ലൗകിക ജ്ഞാനം അപര്യാപ്തമാണ്. നിയമ ലംഘനം നടത്തുന്നതിൽ തൃപ്തി കണ്ടെത്തുന്നവരാണല്ലൊ ഭൂരിഭാഗം പേരും. പക്ഷെ നമ്മെ വിശുദ്ധരാക്കി മാററുവാൻ അവനു നമ്മോടു ദയവു തോന്നി. ഒരിക്കലായിട്ടു ക്രിസ്തു സ്വയം അർപ്പിച്ച യാഗമാണ് നമ്മെ നീതീകരിക്കുവാൻ കാരണമായതു. അതുകൊണ്ടു സ്വന്ത വഴികളിൽ ഊന്നി ജീവിക്കാതെ ദൈവ വഴിയിൽ മാത്രം ഊന്നി ജീവിക്കുകയാണ് വേണ്ടതു. ഈ ലോകവും അതിന്റെ മോഹവും ഒഴിഞ്ഞു പോകും. എന്നാൽ ദൈവേഷ്ടം ചെയ്യുന്നവൻ എന്നേക്കും ജീവിക്കും എന്ന വാഗ്ദാനം മുഴങ്ങി കേൾക്കുന്നു.

മഹത്വത്തിന്റെ മഹിമ ധനനാണ്; കൃപാ സമ്പന്നനാണ് നമ്മുടെ മഹാപുരോഹിതൻ. അവൻ മല്ക്കീസെദേക്കിന്റെ ക്രമപ്രകാരം എന്നേക്കും മഹാപുരോഹിതനായിരിക്കുന്നു (എബ്രായർ 5:6; 7:17). സ്വർഗ്ഗത്തിൽ പോകുവാൻ ആഗ്രഹിക്കുന്ന ആത്മാക്കൾ വിറയലോടെ യേശുക്രിസ്തുവിങ്കലേക്കു നോക്കണം. താഴ്മയോടെ ധൈര്യത്തോടെ നാം തിരശീലക്കകത്തേക്കു പ്രവേശിക്കണം. നി

ങ്ങളുടെ രക്ഷക്കായിട്ടത്രേ അവൻ കഷ്ടത ഏററതും മുറിവേററതും കാണണമെങ്കിൽ അവന്റെ കൈകളിൽ നോക്കണം; വിലാപ്പുറത്തു നോക്കണം. പഴയ നിയമ പുരോഹിതന്റെ വിശുദ്ധ വസ്ത്രത്തിൽ ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളെയും ഉൾപ്പെടുത്തി കല്ലു പതിപ്പിച്ചിരുന്നു. അതുപോലെ കല്ലുകളായ ക്രിസ്ത്യാനികളെ അവന്റെ വിശുദ്ധ വസ്ത്രത്തിൽ പതിപ്പിച്ചിരിക്കും (പുറപ്പാട് 28:21). അവന്റെ കൈകൾ ഉയർത്തുമ്പോൾ നമ്മെ അനുഗ്രഹിക്കേണ്ടതിനായിരിക്കണം.

നമ്മുടെ സകല ചിന്താകുലങ്ങളും ഭാരങ്ങളും അവൻ ഏററുകൊള്ളുമെന്നു ഉറപ്പു നല്കിയിട്ടുണ്ട്. നാം വീണു പോകുമ്പോൾ നമ്മെ താങ്ങികൊള്ളും. പരീക്ഷണങ്ങൾക്കു അവൻ പോക്കു വഴിയും ഒരുക്കും. "അവൻ മുഖാന്തരമായി ദൈവത്തോടു അടുക്കുന്നവർക്കു വേണ്ടി പക്ഷവാദം ചെയ്‌വാൻ സദാ ജീവിക്കുന്നവൻ ആകയാൽ അവരെ പൂർണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തനാകുന്നു" (എബ്രായർ 7:25). നമ്മുടെ മഹാപുരോഹിതൻ സത്യവാനും വിശ്വസ്തനും ആകുന്നു (വെളിപ്പാട് 3:14; 19:11). അവൻ നമ്മെ സ്വീകരിക്കുവാൻ മടിക്കുകയില്ല. എല്ലാം ക്ഷമിക്കുവാൻ അവൻ സന്നദ്ധനാണ്. അവൻ വന്നതു നിങ്ങളെ രക്ഷിക്കുന്നതിനാണ്. നിങ്ങൾ രക്ഷിക്കപ്പെട്ടു വിശ്വസ്തമായി ജീവിച്ചാൽ അവൻ വീണ്ടും വരുമ്പോൾ നിങ്ങളെ ചേർത്തുകൊള്ളും (യോഹന്നാൻ 14:13). അങ്ങനെയുള്ള മഹാപുരോഹിതൻ നമുക്കു ഉള്ളതുകൊണ്ടു ധൈര്യത്തോടെ, വിശുദ്ധ ഹൃദയത്തോടെ, നിർമ്മല മനസാക്ഷിയോടെ അവന്റെ അടുത്തു ചെല്ലാം.

★

## വാർത്തകൾ

# ഇറാഖ് അധിനിവേശത്തിന്റെ ഒരു വർഷം

അമേരിക്കൻ പട്ടാളം എന്നെങ്കിലും ഇറാഖ് വിടുമോ എന്ന സംശയം ബാക്കിയാക്കി ഇന്ന് ഇറാഖ് അധിനിവേശത്തിന്റെ ഒന്നാം വാർഷികം.

ലണ്ടൻ അടക്കം പല പ്രമുഖ യൂറോപ്യൻ നഗരങ്ങളും അമേരിക്കയും ഈ ദിനത്തിൽ ഭീതിയുടെ നിഴലിലാണ്. സദ്ദാം ഇല്ലാത്ത ഇറാഖിൽ ഗറില്ല കലാപങ്ങളും കാർ ബോംബും വംശീയ വികാരങ്ങളും കുർദ് ദേശീയതയുമൊക്കെ അരങ്ങു തകർക്കുകയാണ്. ഇറാഖിന്റെ അതിർത്തി സംരക്ഷിക്കാൻ പട്ടാളമില്ല. ആഭ്യന്തര സുരക്ഷയ്ക്കു സുസജ്ജമായ പൊലീസില്ല. നിയമവ്യവസ്ഥ കടലാസു പുലിയാണ്. അടുത്ത വർഷം ഉരുത്തിരിയുന്ന സ്ഥിരം ഭരണഘടനയ്ക്കു ദേശവ്യാപകമായ അംഗീകാരം ഉറപ്പില്ല താനും.

ഇറാഖിലെ ജനസഞ്ചയത്തിലേക്കു മറഞ്ഞ യുദ്ധോപകരണങ്ങളാണ് ഇന്നു യു.എസ്. വിരുദ്ധ സ്ഫോടനങ്ങളായി പുനർജനിക്കുന്നത്. ഇന്നലെ മരിച്ച രണ്ടു മറീൻ ഭടൻമാരടക്കം 12 മാസത്തിനിടെ ഇറാഖിൽ കൊല്ലപ്പെട്ട യു.എസ്. സൈനികരുടെ എണ്ണം 569 ആയി. യു.എസ്. സേനയ്ക്കെതിരായ ദിനംപ്രതിയുള്ള ശരാശരി ആക്രമണത്തിന്റെ എണ്ണം ഇപ്പോഴം 20 ആണ്.

2003 മാർച്ച് 20 നു തുടങ്ങി മേയ് ഒന്നിനു തീർന്ന യുദ്ധത്തിൽ മരിച്ച ഇറാഖുകാരുടെ എണ്ണം 15,100 ആണ്.

## വികസനത്തിനായി മൂന്നു നായകർ

തിരഞ്ഞെടുക്കപ്പെട്ടാൽ തിരുവനന്തപുരത്തിന്റെ മുഖച്ഛായ മാററുമെന്നു വി. എസ്. ശിവകുമാറും വികസനത്തിന് രാഷ്ട്രീയ ഇച്ഛാശക്തി വേണമെന്ന് ഒ. രാജഗോപാലും രാഷ്ട്രീയ ലക്ഷ്യംവച്ച് വികസനത്തെ കാണരുതെന്ന് പി.കെ. വാസുദേവൻ നായരും പ്രസ്താവിച്ചു.

ട്രിവാൻഡ്രം റസിഡന്റ്സ് അപ്പക്സ് കൗൺസിൽ സംഘടിപ്പിച്ച ലോക്സഭാ സ്ഥാനാർഥികളുടെ മുഖാമുഖം പരിപാടിയിൽ പ്രസംഗിക്കുകയായിരുന്നു മൂവരും.

കേന്ദ്ര മന്ത്രിയെന്ന നിലയിൽ കേരളത്തിന്റെ റയിൽവേ ആവശ്യങ്ങൾ കഴിയുന്നത്ര നടപ്പാക്കാൻ താൻ ശ്രമിച്ചെന്ന് ഒ. രാജഗോപാൽ പറഞ്ഞു. തിരുവനന്തപുരം റയിൽവേ സ്റ്റേഷനിലെ ടെർമിനൽ വികസനവും കൊച്ചുവേളിയിലെ പുതിയ ടെർമിനലും കൊച്ചിയിൽ നിന്ന് ദീർഘദൂര ട്രെയിനുകൾ തിരുവനന്തപുരം വരെ നീട്ടിയതും ഉദാഹരണങ്ങൾ. വികസനത്തെക്കുറിച്ച് ജനങ്ങൾക്കുള്ള പഴഞ്ചൻ മനസ്ഥിതികൾ മാറണമെന്നും രാജഗോപാൽ പറഞ്ഞു.

എം.പിയെന്ന നിലയിൽ താൻ എന്നും ജനങ്ങളോടൊപ്പം നിന്നുവെന്ന് ശിവകുമാർ പറഞ്ഞു. ജനങ്ങൾക്ക് എന്ത് ആവശ്യത്തിനും തന്നെ വന്നു കാണാമായിരുന്നു. 97 ൽ തുടങ്ങിയ റയിൽവേ വികസനം ഇതുവരെ എത്തിച്ചത് തന്റെ ശ്രമഫലമായിട്ടുകൂടിയാണ്. ഹൈക്കോടതി ബെഞ്ചിനുവേണ്ടിയും ശ്രമം നടത്തി. വോട്ട് കിട്ടാൻ പൊള്ള വാഗ്ദാനങ്ങളൊന്നും നൽകാൻ താനില്ലെന്ന് പി. കെ. വാസുദേവൻ നായർ പറഞ്ഞു.

# വിമാനത്താവളത്തിൽ നിയമന തട്ടിപ്പ്

കൊച്ചി രാജ്യാന്തര വിമാനത്താവള കമ്പനി (സിയാൽ) ലെറ്റർഹെഡിൽ മാനേജിങ് ഡയറക്ടറുടെ വ്യാജ ഒപ്പും സീലും പതിച്ച് നിയമന ഓർഡർ നൽകാൻ ലക്ഷക്കണക്കിനു രൂപ തട്ടിയെടുത്ത കേസിൽ രണ്ടു പേരെ ചെങ്ങമനാട് പൊലീസ് അറസ്റ്റു ചെയ്തു.

തളിപ്പറമ്പ് ശ്രീകണ്ഠപുരം പുതിയപുരയിൽ ഹാരിസ് (34), തിരുവനന്തപുരം വഞ്ചിയൂർ ചിറക്കുളം ഗോപീകൃഷ്ണയിൽ ചന്ദ്രൻ (33) എന്നിവരാണ് അറസ്റ്റിലായത്. കേസിൽ നാലു പേരെ കൂടി കിട്ടാനുണ്ട്. ഏഴു പേരിൽ നിന്നായി 15 ലക്ഷത്തിലേറെ രൂപ ഇവർ തട്ടിയെടുത്തതായി തെളിഞ്ഞിട്ടുണ്ട്. കൂടുതൽ പേർ ഇവരുടെ കെണിയിൽപെട്ടിട്ടുണ്ടെന്നും വിശദ അന്വേഷണം നടന്നു വരികയാണെന്നും ആലുവ ഡിവൈ. എസ്. പി. ജോസ് സെബാസ്റ്റ്യൻ പറഞ്ഞു.

തട്ടിപ്പിനിരയായവരിൽ ഏറെപ്പേരും കന്യാകുമാരി സ്വദേശികളാണ്. വിമാനത്താവളത്തിൽ ജോലി വാഗ്ദാനം നൽകി പണം തട്ടുന്നതായി ശ്രദ്ധയിൽ പെട്ട കമ്പനി അധികൃതർ സൗത്ത് സോൺ ഐ. ജി.: വി. ആർ. രാജീവിനു നൽകിയ പരാതിയെ തുടർന്നായിരുന്നു അന്വേഷണം. വിമാനത്താവള കമ്പനിയിൽ നിയമനങ്ങളൊന്നും നടത്തുന്നില്ലെന്നും ആരും വഞ്ചിതരാകരുതെന്നുമുള്ള എം.ഡിയുടെ പത്രക്കുറിപ്പും കേസ് അന്വേഷണത്തിനു സഹായകമായി. കന്യാകുമാരി സ്വദേശി കുലശേഖരൻ തമ്പി തന്റെ മക്കളായ സുനിൽ കുമാർ, അനിൽ കുമാർ എന്നിവർക്കു വേണ്ടി 1.75 ലക്ഷം രൂപ വീതം നൽകിയിരുന്നു.

# കൊച്ചിയിലെ സിറ്റി ബാങ്ക് ശാഖ തകർത്തു

എം. ജി. റോഡിലുള്ള സിററി ബാങ്ക് ശാഖ അയ്യങ്കാളിപ്പട അടിച്ചു തകർത്തു. അമേരിക്കയുടെ ഇറാഖ് ആക്രമണത്തിൻെറ ഒന്നാം വാർഷികദിനമായ ഇന്നലെ രാവിലെ 10 മണിയോടെ അമേരിക്കൻ വിരുദ്ധ മുദ്രാവാക്യങ്ങൾ വിളിച്ചാണ് പത്തോളം വരുന്ന അയ്യങ്കാളി പട ഇരുമ്പുവടികളും വടിവാളുമായി ബാങ്കിലേക്ക് ഇരച്ചു കയറിയത്.

ബാങ്കിലെ കംപ്യൂട്ടറുകൾ, ചില്ലുവാതിലുകൾ, പ്രിൻററുകൾ, ക്യാബിനുകൾ, ലൈററുകൾ തുടങ്ങിയവ തകർക്കപ്പെട്ടിട്ടുണ്ട്. നാലു ലക്ഷത്തോളം രൂപയുടെ നഷ്ടമുണ്ടായതായി ബാങ്ക് അധികൃതർ അറിയിച്ചു.

ജീവനക്കാർക്കോ ഇടപാടുകാർക്കോ പരുക്കില്ല. ചില്ലുവാതിലുകൾ തകർക്കുന്നതിനിടെ അയ്യങ്കാളിപ്പടയിലെ ഒരാൾക്കു മുറിവേററതായി ദൃക്സാക്ഷികളിൽ ഒരാൾ പറഞ്ഞു.

രാവിലെ ബാങ്കിലേക്ക് ഇടപാടുകാർ എത്തുന്ന സമയത്ത് കടലാസിൽ പൊതിഞ്ഞ ഇരുമ്പുവടികളും വടിവാളുകളുമായി കാൽനടയായിട്ടാണ് അയ്യങ്കാളി പട എത്തിയത്. സെക്യൂരിററി ജീവനക്കാർക്കു തടയാൻ കഴിയുന്നതിനു മുൻപ് ചില്ലുവാതിലുകൾ തകർത്ത് മുദ്രാവാക്യങ്ങളുമായി ഇരച്ചുകയറിയ സംഘം കണ്ണിൽ കണ്ടതെല്ലാം അടിച്ചു തകർത്തു. അമേരിക്കൻ വിരുദ്ധ ലഘുലേഖകൾ വിതറിയ ഇവർ അഞ്ചു മിനിററിനകം ഇറങ്ങിയോടി.

★

# യേശുവിൻെറ മരണം

## മാക്ക്‌വെയിൻ

മനുഷ്യ ചരിത്രത്തെ ഒററവാക്കിലൊതുക്കിയാൽ അതു പാപമാണെന്നു പറയാം. എല്ലാം പ്രവൃത്തികളേയും രേഖപ്പെടുത്തുവാൻ നോക്കിയാൽ, ലോകത്തു നടക്കുന്ന അക്രമം, ലജ്ജാകരമായ പ്രവൃത്തികൾ, ലംഘനങ്ങൾ, അനുസരണമില്ലായ്മ, ദൈവ നിയമ നിഷേധം, പാപസംബന്ധമായ അവസ്ഥയിൽ നിന്നു മനുഷ്യൻ നഷ്ടപ്പെടുത്തിയ മനോഹരമായ പറുദീസയെ കുറിച്ചുമെല്ലാം പുസ്തകം എന്ന രൂപത്തിൽ എഴുതുകയാണെങ്കിൽ ഈ ലോകത്തിൽ ഒന്നും ഒതുങ്ങുകയില്ല. ഇന്നു നാം ജീവിക്കുന്ന ഈ കാലഘട്ടത്തിലെ അഴിമതിയും മററും ആളുകൾ ചെയ്യുന്നതു പരസ്യമായിട്ടാണ്. അപ്രകാരം ജീവിക്കുന്നവരുടെ ഹൃദയത്തിൽ യാതൊരു കൂസലുമില്ലാതെയാണ് അവർ കഴിയുന്നതു. ചരിത്രം ഒരു ഇരുണ്ട യുഗത്തെയാണ് നമുക്കു വെളിപ്പെടുത്തി തരുന്നതു. ആ ഒരു യാഥാർത്ഥ്യത്തെ പലരും ഇന്നു തിരിച്ചറിയുന്നുണ്ട്.

ഇവയെല്ലാം ഭൂമിയുടെ എല്ലാ പ്രതലത്തിലും വസിക്കുന്ന മനുഷ്യരെ പിടികൂടിയതാണ്. മാനുഷിക പരിഗണന പോലും നല്കാത്ത രീതിയിലാണ് മിക്കവാറും ആളുകൾ പെരുമാറുന്നതു. അധർമ്മം പെരുകി, ക്രമവിരുദ്ധമായ ജീവിതത്തിൽ യാതൊരു ലജ്ജയുമില്ലാതായിരിക്കുന്നു. യാതൊരു ധാർമ്മിക നീതിയും സമൂഹത്തിൽ ഇല്ലാതായിരിക്കുന്നു. സത്യവും നീതിയും മാന്യതയും എല്ലാം പൊയ്പ്പോയിരിക്കുന്നു; യേശുവിൻെറ കാലയളവിലെ ആളുകൾ നിരപരാധിയായ, നീതിമാനായ യേശുവിനെ ''ക്രൂശിക്ക'' ''ക്രൂശിക്ക'' എന്നാർത്തു വിളിക്കയും കള്ളനും കവർച്ചക്കാരനുമായവനെ ശിക്ഷയിൽ നിന്നു വിടുവിക്കാനും ആവശ്യപ്പെടുന്ന ഒരു തലമുറയെ നമുക്കു അന്നു കാണാൻ കഴിയുന്നു. സ്ത്രീയുടെ സന്ത

തിയുടെ കുതികാൽ പിശാചു തകർക്കുമെന്ന വാഗ്ദാനം നിറവേറുകയാണ്.

അന്നും ഇന്നും സമൂഹ മന:സാക്ഷി മരവിച്ചിരിക്കുന്നു. ഹൃദയങ്ങൾ കഠിനപ്പെട്ടിരിക്കുന്നു. ലൗകിക ജ്ഞാനത്തിൽ ആശ്രയിച്ചാണ് മനുഷ്യർ മുമ്പോട്ടു പോകുന്നതു. മനുഷ്യന്റെ തെറ്റുകൾ നിമിത്തം അവർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ എല്ലാം തന്നെ വിരൽ ചൂണ്ടുന്നതു ക്രൂശിലെ യേശുവിന്റെ മരണമാണ്. ഉച്ച വെയിലിൽ നാം തണലിനെ അഭയം തേടുന്നതു പോലെ പാപ ചൂടിൽ നിന്നു നമുക്കു അഭയം തരുന്ന ഒന്നാണ് യേശുവിന്റെ യാഗം. അന്നു ക്രിസ്തു ക്രൂശിൽ മരിച്ചതോടെ മനുഷ്യ ജീവിതത്തിനു അർത്ഥവും ലക്ഷ്യവുമുണ്ടായി.

യെരുശലേം നിദ്രയിലായിരുന്നപ്പോൾ യഹൂദന്മാർ ആഘോഷങ്ങളിൽ മുഴുകിയപ്പോൾ എല്ലാവരും ഒരുമിച്ചു കൂടുമ്പോൾ ഉണ്ടാകാറുള്ള സന്തോഷ ലഹരിയിലായിരുന്നു ഭക്തിയുള്ള യെഹൂദന്മാർ. ഇതേ സന്ദർഭത്തിൽ യേശുക്രിസ്തുവിന്റെ അപ്പൊസ്തലന്മാരും ഒരുമിച്ചു കൂടിയിരുന്നു. യേശു ഭൂമിയിൽ ആയിരുന്നപ്പോൾ 12 പുരുഷന്മാരെ പഠിപ്പിക്കയും ചെയ്തു. അവൻ അവരെ അഗാധമായി സ്നേഹിച്ചിരുന്നു. മുൻകോപിയായിരുന്ന ഒരാൾ കർത്താവിനോടു കൂടെ നടന്നതുകൊണ്ടു ശാന്തശീലനായി മാറി. താൻ പറയുന്ന വാക്കുകൾ എന്താണെന്നു ആലോചിക്കാതെ സംസാരിച്ച ഒരാളെ കല്ലായി ഉപയോഗിക്കുന്നുണ്ട്. ഇസ്രായേലിന്റെ പ്രത്യാശയായിരുന്നു മശിഹാ. സംഹാര ദൂതൻ അവരെ കടന്നു പോയതിന്റെ ഓർമ്മ അവർ പുതുക്കുന്നതായിരുന്നു പെസഹ.

ആളുകൾ സ്വാർത്ഥരും സ്വന്ത ലാഭങ്ങൾക്കു വേണ്ടി മാത്രം ജീവിച്ചിരുന്ന ആളുകൾ കർത്താവിന്റെ മഹത്തായ സ്നേഹത്തെ അറിഞ്ഞില്ല. അവർ തങ്ങളുടെ പാരമ്പര്യ ആചാരങ്ങളിൽ മുഴുകിയിരുന്നു. താഴ്മ ധരിക്കേണ്ടതെ

ങ്ങനെ എന്നു കർത്താവു തൻെറ ശിഷ്യന്മാരുടെ കാലുകൾ കഴുകി കാണിച്ചു കൊടുത്തു. നിങ്ങളിൽ ഒരുവൻ എന്നെ കാണിച്ചു കൊടുക്കും എന്നു യേശു ശിഷ്യന്മാരോടു പറഞ്ഞപ്പോൾ അവർക്കു ദുഃഖമുണ്ടായി. അവർ ഓരോരുത്തരും ചോദിക്കാൻ തുടങ്ങി; ''ഞാനോ'' ''ഞാനോ'' കർത്താവേ എന്ന്. യൂദാ സംശയത്തിനുയരെ ആയിരുന്നു. എങ്കിലും അവനും അങ്ങനെ തന്നെ ചോദിച്ചു. ''നീ തന്നെ എന്നു കർത്താവു അവനോടു പറഞ്ഞു. മററുള്ളവർക്കു അതു ഊഹിക്കാൻ പോലും കഴിഞ്ഞില്ല. അതു കൊണ്ടു അവർ അതു ശ്രദ്ധിച്ചില്ല. അതറിയുവാനുള്ള ആകാംഷകൊണ്ടു പത്രോസ് യോഹന്നാനോടു ചോദിച്ചു നോക്കുവാൻ ആവശ്യപ്പെട്ടു. യോഹന്നാൻ കർത്താവിനോടു ചോദിച്ചതിനു അവൻ ഉത്തരം നല്കിയതു ''എന്നോടു കൂടെ കൈ താലത്തിൽ മുക്കുന്നവൻ എന്നായിരുന്നു (യോഹന്നാൻ 13:26). താൻ ഏററവും പ്രിയപ്പെടുന്ന തൻെറ ശിഷ്യന്മാരിൽ ഒരാൾ തന്നെ കാണിച്ചു കൊടുക്കുമെന്ന അറിവു യേശുവിൻെറ ഹൃദയത്തിൽ എത്ര വേദന ഉളവാക്കിയിരിക്കും !

യേശുവിന്നു യൂദയുടേയും സർവ്വ ലോകത്തിൻേറയും പാപത്തെ കുറിച്ചു ദുഃഖമുണ്ടായി. കാരണം പാപികൾക്കു വരുവാനിരിക്കുന്ന യാതന ഭയാനകമായിരിക്കും. യൂദാ പിശാചിനാൽ വഞ്ചിക്കപ്പെട്ടു. അനേകർ ഇന്നും അതു പോലെ വഞ്ചിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. കർത്താവു പാപികളെ സ്നേഹിക്കയും പാപത്തെ വെറുക്കുകയും ചെയ്യും. തൻെറ മരണശേഷം കുറഞ്ഞൊന്നു കഴിഞ്ഞിട്ടു അവൻ വീണ്ടും വരുമെന്നു പറഞ്ഞതു ശിഷ്യന്മാർക്കു മനസിലായില്ല. ഇതു കേട്ടു അവരെല്ലാം പിറുപിറുക്കയുണ്ടായി. ''എന്താണീകുറഞ്ഞൊന്നു'' എന്നതായിരുന്നു അവരുടെ സംശയം.

മനസിലാക്കുന്നതിൽ പരാജയപ്പെട്ട അവർ ഓരോ ചോദ്യങ്ങൾ ഉന്നയിക്കയുണ്ടായി, ''ഞാൻ പോകുന്നേടത്തേക്കു

നിങ്ങൾക്കു എന്നെ അനുഗമിപ്പാൻ കഴിയുകയില്ല'' എന്നാണ് കർത്താവു പറഞ്ഞതു. അതിനു പത്രോസ്, ''ഇപ്പോൾ എനിക്കു നിന്നെ അനുഗമിപ്പാൻ കഴിയാത്തതെന്തു? എന്നു ചോദിച്ചു. കർത്താവേ, നീ എവിടെ പോകുന്നു എന്നു ഞങ്ങൾക്കറിയുന്നില്ല. പിന്നെ വഴി എങ്ങനെ അറിയും എന്നു പറഞ്ഞു (യോഹന്നാൻ 14:5). ''പിതാവിനെ ഞങ്ങൾക്കു കാണിച്ചു തരേണം; എന്നാൽ ഞങ്ങൾക്കു മതി'' എന്നു പറഞ്ഞു (യോഹന്നാൻ 14:8). ഈ ശ്രമങ്ങൾ നടത്തുകയും പ്രാർത്ഥിക്കുകയും ചെയ്തിട്ടും അവന്റെ മടങ്ങി വരവിനെ കുറിച്ചു പറഞ്ഞതു അവർക്കു ഗ്രഹിക്കാൻ കഴിഞ്ഞില്ല.

എല്ലാം വേദനയും സ്വയം ഏറ്റെടുത്തു യേശു അവസാനം പിതാവിൽ സമർപ്പിക്കുകയാണ് ചെയ്തതു. എങ്കിലും എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം എന്നതായിരുന്നു അവന്റെ തത്വം (മത്തായി 26:39). ദൈവത്തിനു കീഴ്പ്പെടുമ്പോൾ നമുക്കു സമാധാനം ലഭിക്കും. അങ്ങനെ അപ്പൊസ്തലന്മാരെ എഴുന്നേല്പിച്ചു കാണിച്ചുകൊടുക്കുന്നവനെ കാത്തിരുന്നു. പടയാളികളും പുരോഹിതന്മാരും ക്രമ സമാധാനം ഇല്ലാത്ത ജനക്കൂട്ടവും യൂദയും ചേർന്നു കാണിച്ചു കൊടുക്കുന്ന സ്ഥലത്തെത്തി. തോട്ടത്തിന്റെ പ്രവേശന കവാടത്തിൽ എത്തിയപ്പോൾ യേശു അവരോടു: നിങ്ങൾ ആരെ അന്വേഷിക്കുന്നു എന്നു ചോദിച്ചു. ആരോ ഒരാൾ അത്യുച്ചത്തിൽ പറഞ്ഞു, ''നസ്രേത്തുകാരനായ യേശുവിനെ'' എന്ന്. ''അതു ഞാൻ തന്നേ'' എന്നു അവൻ ശാന്തമായി മറുപടി പറഞ്ഞു (യോഹന്നാൻ 18:5-6).

തന്റെ യജമാനനും ഗുരുവുമായ യേശുവിനെ യൂദാ ചുംബനം നല്കിയാണ് ഒററിക്കൊടുത്തതു (ലൂക്കൊസ് 22:48).

(ശേഷം അടുത്ത ലക്കത്തിൽ)

(10-ാം പേജിന്റെ തുടർച്ച)

അപ്പൊസ്തലനായ പത്രോസ് വീണ്ടും അതേ തെററു ചെയ്യുന്നു. അവന്നു യേശുവിനോടു സ്നേഹം ഉണ്ടായിരുന്നതുകൊണ്ടാണ് അവനെ അനുഗമിച്ചതും അടുത്തു കഴിഞ്ഞതും. അതേ സമയം അവന്നു ഭയം നേരിട്ടപ്പോൾ അവന്റെ സ്നേഹം നഷ്ടപ്പെട്ടു. അങ്ങനെ അവൻ ഭോഷ്ക്കു പറഞ്ഞു. അവൻ യേശുവിനെ വിചാരണയിൽ തനിച്ചു വിട്ടു. സത്യസന്ധത ഇല്ലാതാകുമ്പോൾ ആളുകൾ വ്രണപ്പെടുന്നു.

ഭോഷ്ക്കു പറഞ്ഞുകൊണ്ടുണ്ടാകുന്ന വലിയ പ്രശ്നം ഇതാണ്. വഞ്ചന പിടികൂടുന്നതു വഞ്ചിക്കുന്നവനെയാണ്. താൻ ഏററവും സ്നേഹിച്ച പങ്കാളി തന്നെ വഞ്ചിച്ചു എന്നറിഞ്ഞതിനാൽ ഛിന്നഭിന്നമാക്കപ്പെട്ട എത്ര ദാമ്പത്യ ജീവിതങ്ങൾ ആണ് ഉള്ളതു ? തങ്ങളുടെ മക്കൾ തങ്ങളോടു നുണ പറഞ്ഞു എന്നു ബോധ്യമായതിന്റെ പേരിൽ തകർന്നു പോയ എത്ര മാതാപിതാക്കൾ ഉണ്ട് ! സത്യസന്ധതയില്ലാത്തവർ ഭോഷ്ക്കു പറയും. മററുള്ളവരെല്ലാം അവർക്കു അപ്രധാനമാണ്.

## എന്തു സംഭവിക്കുമെന്നതു അറിയാത്തതുകൊണ്ട്

അധിപതികൾ വിചാരിച്ചതു ക്രൂശിൽ തറച്ചു യേശുവിനെ ഇല്ലാതാക്കാം എന്നാണ്. എന്നാൽ അവന്റെ മരണശേഷം അവന്റെ പ്രസ്ഥാനം ചരിത്ര സംഭവമായി മാറി. എന്നാൽ യേശു അവരോടു സത്യം മാത്രം അറിയിച്ചു. ന്യായവിധിക്കായി വരുന്ന യേശുവിനെ അവർ കാണും. അവർ കൊല്ലുവാൻ വിധിച്ച മനുഷ്യൻ അവരുടെ രാജാവും ന്യായകർത്താവുമായി തീരുമെന്നു അവർ ഒരിക്കലും വിചാരിച്ചില്ല. ആ സമയത്തു അധിപതികളെ നയിച്ചതു സത്യസന്ധതയില്ലായ്മയായിരുന്നു.

★

# പത്രോസും യൂദയും സാത്താനും

ഡെന്നിസ്. എൽ.

മനുഷ്യരായി ജനിച്ചവരെല്ലാം സാത്താന്റെ പരീക്ഷണത്തിനു വിധേയരായിട്ടുണ്ട്. അവൻ യേശുവിനെയും പരീക്ഷിക്കാൻ വരുന്നുണ്ട്. അതു അവൻ നാല്പതു രാവും നാല്പതു പകലും ഉപവസിച്ചശേഷമായിരുന്നു. സ്നാനമേററ ശേഷം അവൻ പരീക്ഷിക്കപ്പെടുന്നുണ്ട്. സ്നാനമേററവർ ഇന്നും പരീക്ഷണത്തെ നേരിടുന്നുണ്ട്. പലരും ആ പരീക്ഷണ ഫലമായി പാപത്തിനു ഇരയായി തീരുന്നുണ്ട്. അതിനു ദൈവത്തെ പഴിച്ചിട്ടു കാര്യമില്ല. നാം പരീക്ഷിക്കപ്പെടുന്നതു നമ്മുടെ സ്വന്ത മോഹത്താലാണ്. യേശു തന്റെ നേരെ ഉയർന്ന പരീക്ഷണത്തെ അതിജീവിക്കയാണുണ്ടായതു.

യേശുവിന്നു പിശാചിന്റെ പരീക്ഷണം നേരിടുക മാത്രമല്ല ഉണ്ടായതു. ശിഷ്യന്മാരെ തിരഞ്ഞെടുത്തതിലും അതു കാണുന്നുണ്ട്. ''യേശു അവരോടു: നിങ്ങളെ പന്ത്രണ്ടു പേരെ ഞാൻ തിരഞ്ഞെടുത്തില്ലയോ ? എങ്കിലും നിങ്ങളിൽ ഒരുത്തൻ പിശാചു ആകുന്നു എന്നു ഉത്തരം പറഞ്ഞു'' (യോഹന്നാൻ 6:70). നിങ്ങൾ പിശാചെന്ന പിതാവിന്റെ മക്കൾ എന്നു പറഞ്ഞ യെഹൂദന്മാരേക്കാൾ ഒട്ടും വ്യത്യസ്തരായിരുന്നില്ല യൂദ (യോഹന്നാൻ 8:44).

അപ്പോസ്തലന്മാരിൽ രണ്ടുപേരെ മാത്രമാണ് സാത്താനുമായി ബന്ധപ്പെടുത്തി ബൈബിൾ സംസാരിച്ചിട്ടുള്ളതു. അതു പത്രോസിനേയും യൂദയെയുമാണ്. പത്രോസ്, പരീക്ഷണത്തെ നേരിട്ട രീതിയും അവൻ പോരാടുന്നതും ബൈബിളിൽ ചിത്രീകരിച്ചിട്ടുണ്ട്. അവൻ ദുഃഖിച്ചു, അനുതപിച്ചു, മാനസാന്തരപ്പെട്ടു കർത്താവിങ്കലേക്കു തിരിയുന്നുണ്ട്. പക്ഷെ യൂദയെ നോക്കുമ്പോൾ

അവൻ പരീക്ഷണത്തിൽ വീണുപോയി. ആ വീഴ്ച്ചയിൽ നിന്നു അവന്നു കര കയറാമായിരുന്നു. എന്നാൽ അവൻ അനുതപിച്ചില്ല, മനസാന്തരപ്പെട്ടില്ല. തൽഫലമായി നാശത്തിലേക്കു വഴുതിപ്പോയി. ഇന്നു പലരും അതുപോലെയാണ്. അവർ മാനസാന്തരപ്പെടുവാൻ കൂട്ടാക്കുന്നില്ല. അതുകൊണ്ടു അവർ നാശത്തിന്റെ പാതയിലാണ് സഞ്ചരിച്ചുകൊണ്ടിരിക്കുന്നതു.

യേശു ദൈവ പുത്രനാണെന്നു പത്രൊസ് ഏററു പറഞ്ഞശേഷം, കർത്താവു തന്റെ സഭയെ പണിയും എന്ന ഉറപ്പു നല്കുകയുണ്ടായി (മത്തായി 16:16-18). അതിനുശേഷം തനിക്കു നേരിടേണ്ടതായ മരണത്തെ കുറിച്ചും യേശു മുന്നറിയിക്കയുണ്ടായി. പന്ത്രണ്ടു അപ്പൊസ്തലന്മാരും ഉള്ളപ്പോഴാണ് അവൻ അതു അറിയിച്ചതു. യേശുവിന്റെ ദൈവികത്വത്തെ ആദ്യമായി ഉറക്കെ പ്രഖ്യാപിച്ചതു അവരിൽ പത്രൊസ് ആയിരുന്നു. പക്ഷെ യേശുവിന്റെ മരണത്തെ പത്രൊസിനു സ്വീകരിക്കാൻ കഴിഞ്ഞില്ല. "കർത്താവേ നിനക്കു അങ്ങനെ സംഭവിക്കരുതേ" എന്നാണ് പത്രൊസ് പറഞ്ഞതു. യേശു അതിനു പത്രൊസിനെ തുറന്നു ശാസിക്കയുണ്ടായി. "സാത്താനെ എന്നെ വിട്ടുപോ, നീ എനിക്കു ഇടർച്ചയാകുന്നു" എന്നു പറഞ്ഞു. സാത്താന്റെ വലിയ രൂപമല്ല ഇവിടെ പറയുന്നതു, മറിച്ചു സാത്താന്റെ സ്വഭാവമാണ്. "ബർയോനാ ശിമോനേ, നീ ഭാഗ്യവാൻ എന്നു യേശു അവനെ കുറിച്ചു പറഞ്ഞിട്ടു അധിക സമയം ആയില്ല, അപ്പോഴാണ് പത്രൊസിനെ കുറിച്ചു യേശു ഇപ്രകാരം പറഞ്ഞതു: ദൈവേഷ്ടം എന്തെന്നു തിരിച്ചറിയുവാൻ ഈ പ്രസ്താവന സഹായിക്കും. പത്രൊസിനേയും മററു ശിഷ്യന്മാരെയും ദൈവ വചനത്തിനെതിരായി സംസാരിക്കുകയോ ചിന്തിക്കുകയോ അരുതു എന്ന തത്വമാണ് ഇതിൽ അടങ്ങിയിരിക്കുന്നതു.

പരീക്ഷണങ്ങൾ, പത്രൊസിന്നു വളരെ ബുദ്ധിമുട്ടു

ണ്ടാക്കി. സാത്താനെ എന്നു യേശു അവനെ വിളിച്ചതിനു ശേഷവും പത്രൊസിന്റെ പുറകെ സാത്താൻ ഉണ്ടായിരുന്നു എന്നു കാണാം. യേശു അവനോടു പറഞ്ഞതു: "ശീമോനേ, ശീമോനേ, സാത്താൻ നിങ്ങളെ, കോതമ്പു പോലെ പാറ്റേണ്ടതിനു കല്പന ചോദിച്ചു. ഞാനോ നിന്റെ വിശ്വാസം പൊയ്പോകാതിരിക്കാൻ നിനക്കു വേണ്ടി അപേക്ഷിച്ചു" (ലൂക്കൊസ് 22:31). നീ തിരിഞ്ഞു വന്നു നിന്റെ സഹോദരന്മാരെ ഉറപ്പിച്ചുകൊൾക എന്നും അവനോടു പറയുകയുണ്ടായി. പത്രൊസിന്നു നേരിട്ട ഈ അനുഭവങ്ങൾ അവന്റെ ദൈവശ്വാസീയ എഴുത്തുകളിൽ കാണാം. "നിർമ്മദരായിരിപ്പിൻ; ഉണർന്നിരിപ്പിൻ; നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു ചുറ്റി നടക്കുന്നു" (1 പത്രൊസ് 5:8).

പത്രൊസ് പരീക്ഷണങ്ങളെ നേരിട്ടതുപോലെ യൂദയും പരീക്ഷണങ്ങളെ നേരിട്ടു. എന്നാൽ പത്രൊസ് കർത്താവിങ്കലേക്കു തിരിഞ്ഞു വന്നതുപോലെ അവൻ മടങ്ങി വന്നില്ല. സാത്താൻ യൂദയെ സ്വാധീനിച്ചതായി അവന്റെ ഒററിക്കൊടുക്കലിനെ ലൂക്കൊസും യോഹന്നാനും അവരുടെ വിവരണങ്ങളിൽ പറയുന്നുണ്ട്. "എന്നാൽ പന്തിരുവരുടെ കൂട്ടത്തിൽ ഉള്ള ഇസ്കര്യോത്താ യൂദയിൽ സാത്താൻ കടന്നു" (ലൂക്കൊസ് 22:3). "ഖണ്ഡം വാങ്ങിയ ഉടനെ സാത്താൻ അവനിൽ കടന്നു" (യോഹന്നാൻ 13:27). സാത്താൻ യൂദയുടെ ഹൃദയത്തിൽ പ്രവേശിച്ചു എങ്കിൽ നമ്മുടേയും ഹൃദയത്തിൽ അവൻ പ്രവേശിക്കും. പക്ഷെ നമ്മുടെ ഹൃദയ വാതിൽ തുറന്നു കൊടുത്താലേ അവൻ പ്രവേശിക്കു. യൂദാ മനപ്പൂർവ്വം സാത്താനു പ്രവേശിക്കുവാൻ ഹൃദയം വിട്ടു കൊടുത്തതാണ് (വെളിപ്പാട് 3:20).

*

# ഉപേക്ഷിക്കൽ അത്ര കാര്യമോ ?

ബെറ്റി ബർട്ടൻ ചോട്ട്

''ഞാനോ നിങ്ങളോടു പറയുന്നതു: പരസംഗം നിമിത്തം അല്ലാതെ ഭാര്യയെ ഉപേക്ഷിച്ചു മറ്റൊരുത്തിയെ വിവാഹം കഴിക്കുന്നവൻ വ്യഭിചാരം ചെയ്യുന്നു. ഉപേക്ഷിക്കപ്പെട്ടവളെ വിവാഹം കഴിക്കുന്നവനും വ്യഭിചാരം ചെയ്യുന്നു'' (മത്തായി 19:9).

വിവാഹം, ഉപേക്ഷിക്കൽ, പുനർവിവാഹം എന്നിവ പലരിലും നടക്കുന്നുണ്ട്. ജനങ്ങളിൽ വലിയൊരു പങ്കു വിട്ടു വീഴ്ച്ച ചെയ്തു പോകുന്നുമുണ്ട്. വിവിധ കാരണങ്ങൾ നിരത്തി അന്യോന്യം വേർപിരിയുകയും വീണ്ടും വിവാഹം ചെയ്യുകയും ചെയ്യുന്ന സ്ഥിതി കൂടി വരുന്നുണ്ട്. യേശുക്രിസ്തുവിന്റെ പ്രസ്താവന അവർക്കു ബാധകമല്ല എന്ന നിലയിലാണ് ആളുകൾ ജീവിക്കുന്നതു. ഛിന്നഭിന്നമായ കുടുംബ ബന്ധങ്ങൾ കാര്യകാരണങ്ങൾ കണ്ടെത്തുന്നതു ശരിയായ ഭവിഷ്യത്തു നോക്കാതെയാണ്. മത്തായി 19:9 ആർക്കും സംശയം നല്കാത്ത വ്യക്തമായതും തുറന്നതുമായ ഒരു നിർദ്ദേശമാണ്. നമ്മുടെ ജീവിതത്തിലെ താളപ്പിഴയും പ്രശ്നവും ഉള്ളപ്പോൾ നമ്മുടെ കാഴ്ച്ചപ്പാട് ദിശ തെറ്റും.

ക്രിസ്ത്യാനികളായി തീരുന്നതിനു മുൻപ് ദമ്പതികളിൽ വിവാഹമോചനവും പുനർവിവാഹവും നടന്നിട്ടുണ്ട്. തലതിരിഞ്ഞ, അധാർമ്മികമായി ജീവിക്കുന്ന ഈ കാലഘട്ടത്തിൽ മനുഷ്യർ വിവാഹത്തെ നിസ്സാരമായിട്ടാണ് കാണുന്നതു. തന്റെ ആദ്യത്തെ ഭാര്യ വിശ്വസ്തയായി ഇപ്പോഴും ജീവിക്കുമ്പോൾ അവളുടെ ഭർത്താവു രണ്ടും മൂന്നും പങ്കാളികളോടു കൂടി ജീവിക്കുന്നവർ ഇന്നു കാണ

പ്പെടുന്നതു വിരളമല്ല. എന്നാൽ ഇത്തരം ആളുകൾ സത്യം കേൾക്കുമ്പോൾ സുവിശേഷം അനുസരിച്ചു കർത്താവിൻെറ സഭയിൽ ആകണമെന്നു ആഗ്രഹിക്കും. അപ്പോൾ എന്തു് ചെയ്യും ?

ന്യായാന്യായം പരിചയപ്പെടുത്തുന്നതു, മത്തായി 19:9 ക്രിസ്ത്യാനികളെ മാത്രം ബാധിക്കുന്നതാണ് എന്നത്രേ. ലോകത്തിലുള്ള ആളുകൾ ബൈബിളിനെ സംബന്ധിച്ചു ഒന്നും അറിയാതിരിക്കുമ്പോൾ അവരുടെ വിവാഹത്തിൽ തെററു സംഭവിച്ചതിനു അവരെ കുററപ്പെടുത്താവുന്നതല്ല. എന്നാൽ സത്യം അറിഞ്ഞപ്പോൾ അവർക്കു സ്നാനമേല്ക്കാം. അവരുടെ പാപങ്ങൾ കഴുകി കളഞ്ഞു വിവാഹവും ശരിയാക്കാം.

## ഇതു വാസ്തവമാണോ ?

പൊതുവായി, പാപം എന്നു പറഞ്ഞാൽ എന്താണ് ? അതു ദൈവ കല്പന ലംഘിക്കുന്നതാണ് (1 യോഹന്നാൻ 3:4; റോമർ 4:15). റോമർ 3:23-ൽ നാം ഇതു വായിക്കുന്നു. ''സകല മനുഷ്യരും പാപം ചെയ്തു ദൈവതേജസ് നഷ്ടമാക്കിയിരിക്കുന്നു''. യേശു ഭൂമിയിലേക്കു വന്നതു പാപികൾക്കു വേണ്ടി മരിക്കുക എന്ന ഏക ലക്ഷ്യവുമായിട്ടാണോ ? അതെ. ദൈവത്തിൻെറ നിയമം പഠിച്ചു അതിൽ വസിക്കണമെന്ന ഉത്തരവാദിത്വം ദൈവം നമ്മിൽ തന്നിരിക്കയാണ്. വ്യഭിചാരി ഒരുപക്ഷേ ദൈവ കല്പന അറിഞ്ഞിട്ടില്ലായിരിക്കാം. ആ അറിവില്ലായ്മ അയാളുടെ കുററത്തെ മാററുന്നില്ല. രണ്ടുപേരും ഈ ലോകത്തിലെ ജീവിതത്തിലും വരുവാനുള്ള ജീവിതത്തിലും ഉത്തരവാദിത്വമുള്ളവരാണ്.

മറെറാരു കാര്യം ഇതിൽ ഉള്ളതു. വ്യഭിചാര വിവാഹത്തിൽ ഒരാൾ സുവിശേഷം അനുസരിച്ച വ്യക്തിയും മറെറാരാൾ അനുസരിക്കാത്ത വ്യക്തിയും ആണെങ്കിലോ?

ദൈവം അക്രൈസ്തവന്റെ അജ്ഞത കണക്കാക്കുന്നില്ലെങ്കിൽ അതിന്റെ അർത്ഥം ആ വിവാഹത്തിൽ പകുതി വ്യഭിചാരമേ ഉള്ളു എന്നാണോ ?

സ്നാനപ്പെട്ട ഒരാൾ മാനസാന്തരപ്പെട്ടിട്ടായിരിക്കുമല്ലൊ സ്നാനമേററതു. അപ്പോൾ ആ വ്യക്തി വ്യഭിചാരവിവാഹത്തിനു തയ്യാറാകുമോ ? അതോ തെററു ഏററു പറഞ്ഞാൽ മതി എന്നാണോ ചിന്തിക്കുന്നതു ? മാനസാന്തരം സ്നാനത്തിനു മുൻപുണ്ടാകേണ്ടതാണല്ലൊ. തുടർച്ചയായി ഒരാൾ തെററിൽ ജീവിക്കുമ്പോൾ അയാൾ മനഃപ്പൂർവ്വം പാപം ചെയ്യുകയാണ്. ശരിക്കുള്ള മാനസാന്തരവും സ്നാനവും എടുത്തിട്ടുള്ള വ്യക്തി വീണ്ടും പാപത്തിൽ ജീവിക്കുകയില്ല.

## "ബന്ധിക്കപ്പെടുന്നില്ല"

അവിശ്വാസിയുമായി ഒരു വിശ്വാസി വിവാഹത്തിൽ ഏർപ്പെട്ടാൽ "അവിശ്വാസി വേർപിരിയുന്നു എങ്കിൽ പിരിയട്ടെ. ഈ വകയിൽ സഹോദരനോ സഹോദരിയോ ബദ്ധരായിരിക്കുന്നില്ല" (1 കൊരിന്ത്യർ 7:15). മുൻപുള്ള വാക്യങ്ങളിലെ വിഷയം ഭാര്യയും ഭർത്താവും അന്യോന്യം കടപ്പെട്ടിരിക്കുന്നതു ചെയ്യട്ടെ. ഭാര്യയും ഭർത്താവും വേർപിരിയരുതെന്നും പിരിഞ്ഞാൽ വേറെ വിവാഹം കഴിക്കരുതെന്നും പറഞ്ഞിരിക്കുന്നു. ഒരു വിശ്വാസിക്കു അവിശ്വാസിയെ വിവാഹം കഴിക്കാം. എന്നാൽ അവിശ്വാസിയെ വേർപിരിയരുതു. അവിശ്വാസി സ്വയം പിരിയുകയാണെങ്കിൽ ക്രിസ്ത്യാനിക്കു അതിൽ ഉത്തരവാദിത്വം ഉണ്ടായിരിക്കയില്ല. മത്തായി 19:9-ൽ യേശു പറഞ്ഞതിൽ നിന്നു പൗലൊസ് പറയുന്നതു വ്യത്യാസം ഉളവാക്കുന്നതല്ല. പുനർവിവാഹത്തിനു അനുവാദം നല്കുന്നില്ല. ആ വാക്കു പോലും ഉപയോഗിച്ചിട്ടില്ല.

"ഓരോരുത്തൻ വിളിക്കപ്പെട്ട അവസ്ഥയിൽ തന്നെ

വസിക്കട്ടെ'' എന്നു 1 കൊരിന്ത്യർ 7:20-ൽ പറഞ്ഞിരിക്കു ന്നതിന്റെ അർത്ഥം എന്താണ് ? വ്യഭിചാര വിവാഹം നട ത്തിയവരെല്ലാം ഈ വാക്യം അവരുടെ ജീവിതത്തിനു ന്യാ യീകരണത്തിനു എടുക്കാറുണ്ട്. എന്നാൽ ഒരു കുലപാതകി അങ്ങനെ തന്നെ വസിക്കട്ടെ എന്നു ആരെങ്കിലും പറയു മോ ? പിടിച്ചുപറിക്കാരൻ അങ്ങനെ ചെയ്തുകൊണ്ടിരി ക്കട്ടെ എന്നു പറയുമോ ? കുട്ടികളെ മർദ്ദിക്കുന്നവർ അങ്ങ നെ അടിച്ചോട്ടെ എന്നു പറയുമോ ? പരദൂഷണം പറയു ന്നവർ പറഞ്ഞുകൊണ്ടിരിക്കട്ടെ എന്നു വെക്കുമോ ? മുൻ പുള്ള വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നതു പരിച്ഛേദനക്കാരെ കുറിച്ചും ദാസനായും സ്വതന്ത്രനായും തീർന്നവരെ കുറിച്ചുമാണ്. അല്ലാതെ ജീവിത രീതിയിൽ തെറ്റു ചെ യ്തുകൊണ്ടിരിക്കുന്നവരെ കുറിച്ചല്ല.

''നമുക്കു പുതിയ നിയമത്തിൽ വിവാഹമോചനം ആ വശ്യമുള്ള ആളുകളുടെ ഉദാഹരണങ്ങൾ നമുക്കു ഇല്ല''. അതു വാസ്തവമാണ്. എന്നാൽ വിവാഹത്തെ കുറി ച്ചും മാനസാന്തരത്തെ കുറിച്ചും കല്പനയുണ്ട്. 1 കൊ രിന്ത്യർ 6;9-11 വരെയുള്ള വാക്യങ്ങളിൽ പറയുന്നു, ''അ ന്യായം ചെയ്യുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു അറിയുന്നില്ലയോ; നിങ്ങളെത്തന്നേ വഞ്ചിക്കാതിരി പ്പിൻ; ദുർന്നടപ്പുകാർ, വിഗ്രഹാരാധികൾ, പുരുഷകാമി കൾ, വ്യഭിചാരികൾ, സ്വയഭോഗികൾ, കള്ളന്മാർ, അത്യാ ഗ്രഹികൾ, മദ്യപന്മാർ, വാവിഷ്ഠാണക്കാർ, പിടിച്ചുപറി ക്കാർ എന്നിവർ ദൈവരാജ്യം അവകാശമാക്കുകയില്ല. നി ങ്ങളും ചിലർ ഈ വകക്കാരായിരുന്നു; എങ്കിലും കർത്താ വായ യേശുക്രിസ്തുവിന്റെ നാമത്തിലും നമ്മുടെ ദൈവ ത്തിന്റെ ആത്മാവിനാലും നിങ്ങളെത്തന്നെ കഴുകി ശുദ്ധീകരണവും നീതീകരണവും പ്രാപിച്ചിരിക്കുന്നു''.

(ശേഷം അടുത്ത ലക്കത്തിൽ)

★

## HEAR THE VOICE OF TRUTH ON RADIO

# SRILANKA

| | |
|---|---|
| **Hindi** | Sundays 6:45 A.M. - 7:00 A.M. and Thursdays, 6:45 AM - 7:00 A.M. Speaker Sunny David, Box 3815, New Delhi - 110049 |
| **Malayalam** | Friday 3:45 - 4.00 pm.<br>Speaker : P.K. Varghese<br>Box 5540, Trivandrum - 34 |
| **Tamil** | Mondays, Tuesdays, Wednesdays Thursdays, Fridays 5:30 P.M. to 5.45 P.M. Speaker, P.R. Swamy, Box 8405, Bangalore 560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M. - 2:15 P.M. Speaker, Joshua Gootam, Box 80, Kakinada - 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum - 695 035, Kerala, India

**Annual subscription: Rs. 50/-**

**Reg. No.K. Dis. 90095/86/A8.Reg. No. KL(N) 22/2003-2005**

**Licensed to post without prepayment No. Tech/62-2 TV(N) 40/2004**

***Join us to worship God in spirit and Truth***

***The***

# CHURCH OF CHRIST

Meets at T.C. 27/225

Thampuranmukku, Trivandrum - 35

**Sunday - worship - 10.00am**

**Tuesday - Bible Study - 6.00pm**

**ALL ARE WELCOME**

**All correspondence should be sent to the Editor, The Bible Truth, Post Box No. 5540, Trivandrum - 34, Kerala, India**

*From*

**THE BIBLE TRUTH**

Church of Christ

Thampuranmukku

Trivandrum -695035

Kerala, India

Phone: 2303378

*To*